(ബി) നൂറിൽക്കൂടുതൽ തൊഴിലാളികളെ പണിയെടുക്കുന്ന ഈ സ്ഥാപനം അടച്ചുപൂട്ടുന്നതുകൊണ്ട് നിരവധി കുടുംബാംഗങ്ങൾ പട്ടിണി ആകുമെന്ന കാര്യം പരിഗണിച്ച് ഈ സ്ഥാപനം തുടർന്നു നടത്താൻ വേണ്ട നിർദ്ദേശം നൽകുമോ ;

(സി) മാനേജ്മെന്റിന്റെ പിടിവാശിയുടെ പേരിൽ ഈ സ്ഥാപനം അടച്ചുപൂട്ടുകയാണെങ്കിൽ ഇതിലെ തൊഴിലാളികൾക്ക് തൊഴിലില്ലാതാകുന്ന കാലയളവിൽ ശമ്പളം നൽകാൻ മാനേജ്മെന്റിനോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെന്റിന്റെ അനുവാദംകൂടാതെ ഏകപക്ഷീയമായി അടച്ചുപൂട്ടുവാൻ പാടില്ലെന്ന് ഈ സ്ഥാപനത്തിന്റെ ഉടമസ്ഥനെ അറിയിച്ചിട്ടുണ്ട്.

(സി) പ്രോദ്യം ഉദിക്കുന്നില്ല.

സസ്പെൻഡ് ചെയ്ത ജീവനക്കാരനെ സർവ്വീസിൽ തിരിച്ചെടുക്കാൻ നടപടി

191. [186] ശ്രീ. പി. വി. ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) തനിനിറം പത്രത്തിലെ ഒരു ജീവനക്കാരനായ ശ്രീ. സി. വേലായുധൻ നായരെ അടുത്തകാലത്ത് സസ്പെൻറുചെയ്തതു സംബന്ധിച്ച് ലേബർ കമ്മീഷണർക്ക് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പത്രമാഫീസുമായി ബന്ധപ്പെട്ട ഒരു സ്ഥാപനത്തിൽ യൂണിയനുണ്ടാക്കാൻ ശ്രമിച്ചു എന്നാരോപിച്ചുകൊണ്ട് സസ്പെൻറ് ചെയ്യപ്പെട്ട ഈ ജീവനക്കാരനെ എത്രയുംവേഗം തിരിച്ചെടുക്കാൻവേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട് .

(ബി) പ്രസ്തുത പരാതിയിൻമേൽ ഡിപ്പാർട്ടുമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷകരുടെ നിവേദനത്തിൻമേൽ നടപടി

192. [187] ശ്രീ. പി. ബി. ആർ. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നെൽക്കൃഷിക്കാരുടെ ചില പ്രശ്നങ്ങളെ സംബന്ധിച്ചുള്ള എന്തെങ്കിലും നിവേദനങ്ങൾ അടുത്തകാലത്ത് ഗവൺമെന്റിന് ലഭിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിവേദനത്തിൽ മുഖ്യമായി ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് എന്തു നിലപാടാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly